**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ കണ്ടിജന്റ് വിഭാഗം ബദൽ തൊഴിലാളിയായി സേവനമനുഷ്ഠിച്ച വരവെ, ക്യാൻസർ രോഗം ബാധിച്ച് മരണമടഞ്ഞ എം.ഗോപാലകൃഷ്ണന്റെ ഭാര്യ ശ്രീമതി.സുഭാഷിണി.എസ് -കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ കണ്ടിജന്റ് വിഭാഗത്തിൽ ശുചീകരണ തൊഴിലാളിയായി നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2555/ 2018/ തസ്വഭവ                    തീയതി, തിരുവനന്തപുരം : 04/ 10/ 2018

പരാമർശം : 1) 22/ 04/ 1982 ലെ സ.ഉ.(എം.എസ്) നം. 14/ 82/ എൽ.ബി.ആർ.

2) ശ്രീമതി.സുഭാഷിണി.എസ് 01/ 12/ 2016 തീയതിയായി സമർപ്പിച്ചിട്ടുള്ള അപേക്ഷ.

3) കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 19/ 04/ 2017 തീയതിയിലെ 1-ാം നമ്പർ തീരുമാനം.

4) കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 27/ 04/ 2017 തീയതിയിലെ എഫ്4/ 120222/ 16 നമ്പർ കത്ത്.

5) നഗരകാര്യ ഡയറക്ടറുടെ 11/ 07/ 2018 തീയതിയിലെ ഇ 2- 16915/ 2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2014 മാർച്ച് മാസം മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ബദൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ പകരം ശുചീകരണ തൊഴിലാളിയായി നിയമനം ലഭിച്ച് ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് മുമ്പ് ക്യാൻസർ രോഗം ബാധിച്ച് 24/ 08/ 2016 തീയതിയിൽ മരണപ്പെട്ട എം.ഗോപാലകൃഷ്ണൻറെ ഭാര്യ ശ്രീമതി.സുഭാഷിണി.എസ്, തനിക്ക് കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗത്തിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ ജോലി നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം അപേക്ഷിച്ചിരുന്നു.

പരാമർശം മൂന്ന് പ്രകാരമുള്ള കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം നാല് പ്രകാരം കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ടി അപേക്ഷ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഈ വിഷയം സംബന്ധിച്ച് പരാമർശം അഞ്ച് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് നഗരസഭയിൽ കണ്ടിജന്റ് വിഭാഗം ബദൽ തൊഴിലാളിയായി സേവനമനുഷ്ഠിച്ചുവരവെ കണ്ടിജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് മുമ്പ് 24/ 04/ 2016 തീയിതിയിൽ ക്യാൻസർ രോഗം

ബാധിച്ച് മരണമടഞ്ഞ എം.ഗോപാലകൃഷ്ണനെ ശുചീകരണ തൊഴിലാളികളുടെ നിയമന ലിസ്റ്റിൽ ഉൾപ്പെടുത്താൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിലേയ്ക്ക് അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം ഒന്ന് പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവുവരുത്തി മരണപ്പെട്ട എം.ഗോപാലകൃഷ്ണന്റെ ഭാര്യ ശ്രീമതി.സുഭാഷിണി.എസ് നെ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ കണ്ടിജന്റ് വിഭാഗത്തിൽ ശുചീകരണ തൊഴിലാളിയായി നിയമിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എ സ്.മോഹൻദാ സ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ